**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കളമശ്ശേരി നഗരസഭയിലെ സൂപ്രണ്ടായ ശ്രീ. കെ. രാജു, ആലപ്പുഴ നഗരസഭയിലെ സൂപ്രണ്ട് ശ്രീ. ജി. ചന്ദ്രസേനൻ, ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലെ സൂപ്രണ്ട് ശ്രീ. ഋഷികേശൻ നായർ എന്നിവർ കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA No. 1642/2016, 1756/2016, 1807/2016 എന്നിവകളിലെ 25.08.2016, 01.08.2016, 05.08.2016 തീയതികളിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.38/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 06.01.2017

================================================================

**പരാമർശം :**
1) നഗരകാര്യ ഡയറക്ടറുടെ 22.07.2016 തീയതിയിലെ E6-16357/16 നമ്പർ ഉത്തരവ്.
2) ശ്രീ. കെ. രാജു, സൂപ്രണ്ട്, കളമശ്ശേരി നഗരസഭ സർക്കാരിൽ സമർപ്പിച്ച 23.07.2016 ലെ അപ്പീൽ അപേക്ഷ. (Annexure A4).
3) ശ്രീ. ചന്ദ്രസേനൻ, സൂപ്രണ്ട്, ആലപ്പുഴ നഗരസഭ സർക്കാരിൽ സമർപ്പിച്ച 23.07.2016 ലെ അപ്പീൽ അപേക്ഷ. (Annexure A4).
4) ശ്രീ. ഋഷികേശൻ നായർ, സൂപ്രണ്ട്, ചെങ്ങന്നൂർ മുനിസിപ്പാലിറ്റി സർക്കാരിൽ സമർപ്പിച്ച 26.07.2016 ലെ അപ്പീൽ അപേക്ഷ (Annexure MA1).
5) ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA. No. 1642/2016 ലെ 25.08.2016 ലെ വിധിന്യായം.
6) ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA.No.1756/2016 ലെ 01.08.2016 ലെ വിധിന്യായം.
7) ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA.No.1807/2016 ലെ 05.08.2016 ലെ വിധിന്യായം.
8) നഗരകാര്യ ഡയറക്ടറുടെ 29.09.2016 തീയതിയിലെ

ഇ6-21466/16 നമ്പർ കത്ത്.
9) നഗരകാര്യ ഡയറക്ടറുടെ 05.10.2016, 27.10.2016 തീയതികളിലെ ഇ6-19064/16 നമ്പർ കത്തുകൾ.
10) നഗരകാര്യ ഡയറക്ടറുടെ 10.02.2016, 14.11.2016 തീയതികളിലെ ഇ6-23412/16 നമ്പർ കത്തുകൾ.

**ഉത്തരവ്**

മുനിസിപ്പൽ കോമൺ സർവ്വീസിലെ സൂപ്രണ്ട് തസ്തികയിൽ സ്ഥലംമാറ്റവും ഉദ്യോഗക്കയറ്റവും നൽകിക്കൊണ്ട് നഗരകാര്യ ഡയറക്ടർ പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

പ്രസ്തുത ഉത്തരവിൽ കൊല്ലം കോർപ്പറേഷനിലെ സുപ്രണ്ടായിരുന്ന ശ്രീ.കെ. രാജുവിനെ കളമശ്ശേരി നഗരസഭയിലേക്ക് സ്ഥലംമാറ്റിയിരുന്നു. ആയതിനെതിരെ ശ്രീ. കെ. രാജു പരാമർശം 2 പ്രകാരം സർക്കാരിന് അപ്പീൽ ഹർജി സമർപ്പിച്ചു. കുടാതെ ഈ വിഷയത്തിൽ കൊല്ലം കോർപ്പറേഷനിലെ താഴെപ്പറയുന്ന സൂപ്രണ്ടുമാരെക്കൂടി റെസ്പോണ്ടന്റാക്കി ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ടിയാൻ OA No.1642/16 ഫയൽ ചെയ്തു.

1) ശ്രീ. എം. മുരുകൻ, സുപ്രണ്ട്.
2) ശ്രീമതി. ജെ.ആർ. ഇന്ദു, സൂപ്രണ്ട്.
3) ശ്രീ. കെ. മനോഹരൻ, സൂപ്രണ്ട്.
4) ശ്രീ. എൻ. സുധാകരൻ സൂപ്രണ്ട്.
5) ശ്രീ. മധുസൂതനൻ, സൂപ്രണ്ട്

2) മേൽപ്പറഞ്ഞ OA യിൽ 25.08.2016-ൽ ബഹു. ട്രിബ്യുണൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ശ്രീ. രാജു സമർപ്പിച്ച Annexure A4 റെപ്രസെന്റേഷൻ വിധികിട്ടി 6

ആഴ്ചകൾക്കകം ഹർജിക്കാരനെയും മേൽപ്പറഞ്ഞ 5 സൂപ്രണ്ടുമാരെയും നേരിട്ട് കേട്ട് തീരുമാനമെടുക്കണമെന്ന് സർക്കാരിനോട് നിർദ്ദേശിച്ചു.

3) നഗരകാര്യ ഡയറക്ടറുടെ സൂപ്രണ്ട് തസ്തികയിലെ പരാമർശം ഒന്നിലെ പ്രൊമോഷൻ ട്രാൻസ്ഫർ ഉത്തരവിനെതിരേ ആലപ്പുഴ നഗരസഭയിലെ സൂപ്രണ്ട് ശ്രീ. ജി. ചന്ദ്രസേനൻ പരാമർശം 3 പ്രകാരം സർക്കാരിന് അപ്പീൽ ഹർജി സമർപ്പിച്ചിരുന്നു. ഈ വിഷയത്തിൽ ടിയാൻ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA No. 1756/2016 ഫയൽ ചെയ്തിരുന്നു. ആയതിൽ സർക്കാരിനൊപ്പം കൊല്ലം കോർപ്പറേഷനിലെ

1) ശ്രീ. എം. മുരുകൻ,
2) ശ്രീമതി. ജെ.ആർ. ഇന്ദു
3) ശ്രീ. കെ. മനോഹരൻ,
4) ശ്രീ. എൻ സുധാകരൻ

എന്നീ സൂപ്രണ്ട്മാരെയും റെസ്പോണ്ടന്റാക്കിച്ചേർത്തിരുന്നു. OA No. 1756/2016 ലെ 01.08.2016 ലെ വിധിയിൽ ഹർജിക്കാരന്റെ Annexure A4 റെപ്രസെന്റേഷനിൽ ഹർജിക്കാരനെയും, മേൽപ്പറഞ്ഞ സൂപ്രണ്ടുമാരെയും നേരിട്ട് കേട്ട് രണ്ട് മാസങ്ങൾക്കകം തീരുമാനമെടുക്കുവാൻ ബഹു. ട്രിബ്യൂണൽ സർക്കാരിനോട് നിർദ്ദേശിച്ചു.

4) സൂപ്രണ്ട് തസ്തികയിൽ നഗരകാര്യ ഡയറക്ടർ 22.07.2016 ൽ പുറപ്പെടുവിച്ച പരാമർശം ഒന്നിലെ ട്രാൻസ്ഫർ/ പ്രൊമോഷൻ ഉത്തരവിനെതിരേ ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലെ സൂപ്രണ്ട് ശ്രീ. ഋഷികേശൻ നായർ പരാമർശം 4 പ്രകാരം

സർക്കാരിന് അപ്പീൽ ഹർജി സമർപ്പിച്ചു. ഈ ട്രാൻസ്ഫർ ഉത്തരവ് സംബന്ധമായി ടിയാൻ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA No. 1807/2016 ഫയൽ ചെയ്തു. ആയതിൽ സർക്കാരിനൊപ്പം കൊല്ലം കോർപ്പറേഷനിലെ സൂപ്രണ്ടുമാരായ,

1) ശ്രീ. എം. മുരുകൻ,
2) ശ്രീമതി. ജെ.ആർ. ഇന്ദു,
3) ശ്രീ. കെ. മനോഹരൻ,
4) ശ്രീ. എൻ സുധാകരൻ

എന്നിവരെക്കൂടി റെസ്പോണ്ടന്റാക്കിയിരുന്നു. പ്രസ്തുത OA. No. 1807/2016 ൽ 05.08.2016 ൽ ബഹു. ട്രിബ്യൂണൽ വിധിന്യായം പുറപ്പെടുവച്ചു. ടി വിധിന്യായത്തിൽ ഹർജിക്കാരന്റെ Annexure M.A1 ഹർജിയിൽ ഹർജിക്കാരനെയും, മറ്റുള്ളവരെയും നേരിട്ട് കേട്ട് വിധികിട്ടി രണ്ട് മാസങ്ങൾക്കകം തീരുമാനമെടുക്കുവാൻ ബഹു. ട്രിബ്യൂണൽ സർക്കാരിനോട് നിർദ്ദേശിച്ചു.

5) ശ്രീ. രാജു ഫയൽ ചെയ്ത OA No.1642/16 ലെ 25.08.2016 ലെ ബഹു. ട്രിബ്യൂണൽ വിധിയനുസരിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി 05.10.2016 ൽ ബന്ധപ്പെട്ടവരെയെല്ലാം നേരിട്ട് കേട്ടു. ശ്രീ. ചന്ദ്രസേനൻ ഫയൽ ചെയ്ത OA No. 1756/2016 ലെ 01.08.2016 ലെ ബഹു. ട്രിബ്യൂണൽ വിധിയനുസരിച്ച് ബന്ധപ്പെട്ടവരെ 29.09.2016 ൽ തദ്ദേശ സ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി നേരിട്ടു കേട്ടു. ശ്രീ. ഋഷികേശൻ നായർ ഫയൽ ചെയ്ത OA. No. 1807/2016 ലെ 05.08.2016 ലെ വിധിന്യായമനുസരിച്ച് 21.10.2016 ൽ ടിയാനെയും മറ്റുള്ളവരെയും തദ്ദേശ സ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി നേരിട്ട് കേട്ടു.

6) ശ്രീ. കെ. രാജുവിന്റെ 23.07.2016 ലെ അപ്പീലിലെയും നേരിട്ട് കേട്ടപ്പോൾ നൽകിയ മൊഴിയിലെയും വാദഗതികൾ താഴെ ചേർക്കുന്നു.

"താൻ നഗരകാര്യ ഡയറക്ടറുടെ 06.12.2012-ലെ E6-18667/11 നമ്പർ ഉത്തരവ് പ്രകാരം 10.02.2012-ൽ കൊല്ലം കോർപ്പറേഷനിൽ ജോയിൻ ചെയ്തു. 23.07.2016 ലെ നഗരകാര്യ ഡയറക്ടറുടെ ഉത്തരവ് പ്രകാരം തന്നെ കളമശ്ശേരി നഗരസഭയ്ക്ക് ട്രാൻസ്ഫർ ചെയ്തു. താൻ 30.04.2017-ൽ റിട്ടയർ ചെയ്യും. 28 വർഷത്തെ സർവ്വീസിൽ 17 വർഷവും ഹോം സ്റ്റേഷന് പുറത്താണ് ജോലി നോക്കിയത്. 30.04.2030 ൽ മാത്രം റിട്ടയർ ചെയ്യുന്ന ശ്രീ. മുരുകനെയും, 31.12.2029 ൽ മാത്രം റിട്ടയർ ചെയ്യുന്ന ശ്രീമതി. ഇന്ദുവിനെയും, 31.05.2020 ൽ റിട്ടയർ ചെയ്യുന്ന ശ്രീ. മധുസൂതനനെയും പ്രൊമോട്ട് ചെയ്ത് കൊല്ലം കോർപ്പറേഷനിൽ നിയമിച്ചിട്ട് റിട്ടയർ ചെയ്യുവാൻ മാസങ്ങൾ മാത്രം ബാക്കിയുള്ള തന്നെ കളമശ്ശേരിക്ക് ട്രാൻസ്ഫർ ചെയ്തത് തികഞ്ഞ അനീതിയാണ്. ആയതിനാൽ തന്നെ കൊല്ലം കോർപ്പറേഷനിലേക്ക് തിരികെ നിയമിക്കണം."

7) 23.07.2016 ലെ അപ്പീൽ ഹർജിയിലും, നേരിട്ട് കേട്ടപ്പോഴുമായി ശ്രീ.ജി. ചന്ദ്രസേനൻ താഴെപ്പറയുന്നവ ബോധിപ്പിച്ചു.

"താൻ 23.07.2015 മുതൽ ആലപ്പുഴ നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ ജോലി ചെയ്തുവരുന്നു. 31.07.2017 ൽ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്യും. തനിയ്ക്ക് കൊല്ലം കോർപ്പറേഷനിലേയ്ക്ക് ട്രാൻസ്ഫർ നൽകാതെ കൊല്ലം കോർപ്പറേഷനിലെതന്നെ 3 റവന്യൂ ഇൻസ്പെക്ടർമാരെ സൂപ്രണ്ടായി ഉദ്യോഗക്കയറ്റം നൽകി അവിടെത്തന്നെ നിയമിച്ചു. കരട് ട്രാൻസ്ഫർ ലിസ്റ്റ്

പ്രസിദ്ധീകരിക്കാതെയാണ് നഗരകാര്യ ഡയറക്ടർ ട്രാൻസ്ഫർ ഉത്തരവ് പുറപ്പെടുവിച്ചത്. ട്രാൻസ്ഫർ മാനദണ്ഡത്തിന്റെ കണ്ടീഷൻ 20 പ്രകാരം ആദ്യം ഓപ്പൺ വേക്കൻസിയിലേയ്ക്ക് സ്ഥലംമാറ്റം നടത്തിയിട്ട് പിന്നീട് വരുന്ന ഒഴിവിലാണ് പ്രമോഷൻ നിയമനം നടത്തേണ്ടത്. ഇത് ചെയ്യാതെ ശ്രീ. മധുസൂതനൻ, ശ്രീ. മുരുകൻ, ശ്രീമതി. ഇന്ദു എന്നിവരെ റവന്യൂ ഇൻസ്പെക്ടറിൽ നിന്നും സൂപ്രണ്ടായി പ്രമോട്ട് ചെയ്ത് കൊല്ലം കോർപ്പറേഷനിൽ ത്തന്നെ നിയമിച്ചു. ട്രാൻസ്ഫർ നോംസിന്റെ ഖണ്ഡിക 14 പ്രകാരം റിട്ടയർ ചെയ്യുവാൻ 10 മാസം മാത്രം ബാക്കിയുള്ള താൻ പരിഗണന അർഹിക്കുന്ന ഉദ്യോഗസ്ഥനാണ്. ആ പരിഗണന തന്നില്ല. സൂപ്രണ്ട് ശ്രീ. കെ. മനോഹരന് 4 മാസങ്ങൾക്കകം കൊല്ലം കോർപ്പറേഷനിലേക്ക് അനധികൃതമായി ട്രാൻസ്ഫർ നൽകി. അതിനാൽ തനിയ്ക്ക് കൊല്ലം കോർപ്പറേഷനിലേയ്ക്ക് അർഹമായ സ്ഥലംമാറ്റം നൽകണം.

8) നേരിട്ട് കേട്ടപ്പോഴും, അപ്പീൽ ഹർജിയിലുമായി താഴെപ്പറയുന്ന കാര്യങ്ങൾ ശ്രീ. ഋഷികേഷൻ നായർ ബോധിപ്പിച്ചു.

'താൻ 31.05.2017 ൽ റിട്ടയർ ചെയ്യും. ട്രാൻസ്ഫർ & പോസ്റ്റിംഗ് മാനദണ്ഡത്തിലെ ക്രമ നം. 27 പ്രകാരം സ്ഥലംമാറ്റ ഉത്തരവിന്റെ കരട് നോട്ടീസിലും, വെബ്സൈറ്റിലും പ്രസിദ്ധീകരിക്കണം. ഇവിടെ അത് പാലിച്ചില്ല. സ്ഥലംമാറ്റം നടത്തിയതിന് ശേഷം മാത്രമേ ഒഴിവുള്ള സ്ഥാനങ്ങളിൽ. പ്രൊമോഷൻ നടത്താവൂ എന്ന നോം പാലിക്കാതെ സ്ഥലം മാറ്റവും, പ്രൊമോഷനും ഒരുമിച്ച് നടത്തി വിരമിയ്ക്കുവാൻ മാസങ്ങൾ മാത്രം ബാക്കിയുള്ള തന്നെ തഴഞ്ഞ് നിലവിലുള്ള റവന്യൂ ഇൻസ്പക്ടർമാർക്ക് പ്രമോഷൻ നൽകി കൊല്ലം കോർപ്പറേഷനിൽത്തന്നെ പോസ്റ്റ് ചെയ്തു. WP(C)

No.31697/2010 ലെ 06.12.2010 ലെ ബഹു. കേരളാ ഹൈക്കോടതി വിധിന്യായ പ്രകാരം 5 വർഷത്തിൽ കൂടുതൽ കൊല്ലം കോർപ്പറേഷനിൽ തുടർന്ന മിശ്രവിവാഹിതർക്ക് ഇനിയും അവിടെ തുടരുവാൻ യാതൊരു അവകാശവുമില്ല. ശ്രീ. മുരുകൻ, ശ്രീമതി. ഇന്ദു, ശ്രീ. മനോഹരൻ, ശ്രീ, സുധാകരൻ എന്നിവരിൽ ആരെയെങ്കിലും ട്രാൻസ്ഫർ ചെയ്ത് തനിയ്ക്ക് കൊല്ലം കോർപ്പറേഷനിലേക്ക് ട്രാൻസ്ഫർ നൽകണം

9) മേൽ വിഷയത്തിൽ ശ്രീ. എൻ. സുധാകരൻ, സൂപ്രണ്ട് താഴെപ്പറയുന്നവ ബോധിപ്പിച്ചിട്ടുണ്ട്.

''26 വർഷത്തെ സേവനകാലയളവിൽ 14 വർഷവും ഹോം സ്റ്റേഷനായ കൊല്ലത്തിന് പുറത്താണ് താൻ ജോലി ചെയ്തത്. റിട്ടയർ ചെയ്യുവാൻ ഇനി ഒരു വർഷവും 10 മാസവും മാത്രമാണ് ബാക്കിയുള്ളത്. ട്രാൻസ്ഫർ നോംസിന്റെ ഖണ്ഡിക 14 പ്രകാരം തനിയ്ക്ക് കൊല്ലം നഗരസഭയിൽ തുടരുവാൻ അർഹതയുണ്ട്.''

10) മേൽ വിഷയത്തിൽ ശ്രീ. എം. മുരുകൻ താഴെപ്പറയുന്നവ ബോധിപ്പിച്ചിട്ടുണ്ട്.

''താൻ പട്ടികജാതിയിൽപ്പെട്ട ഹിന്ദു-ചക്കിലിയൻ എന്ന സമുദായാംഗമാണ്. തന്റെ ഭാര്യ ശ്രീമതി. ഇന്ദു ഈഴവ സമുദായമാണ്. 04.01.2005 ലെ G.O.(P) No. 01/05/P&ARD യിൽ മിശ്രവിവാഹിതർക്ക് ഉദ്യോഗക്കയറ്റം നൽകിയാലും അതേ സ്ഥലത്ത് ഒഴിവുണ്ടെങ്കിൽ അവിടെത്തന്നെ നിയമിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. തങ്ങൾക്ക് പ്രൊമോഷൻ ലഭിക്കുമ്പോൾ നഗരസഭയിൽ 4 ഓപ്പൺ ഒഴിവുകൾ ഉണ്ടായിരുന്നു ആയതിനാൽ കൊല്ലം നഗരസഭയിൽ സൂപ്രണ്ടായി തുടരുവാൻ അനുവദിക്കണം.

11) മേൽ വിഷയത്തിൽ ശ്രീമതി. ഇന്ദു. ജെ.ആർ. താഴെപ്പറയുന്നവ ബോധിപ്പിച്ചു.

''താൻ മിശ്രവിവാഹിതയാണ്. 04.01.05 ലെ സ.ഉ. (പി) 1/2005/P&ARD, 04.12.2007 ലെ G.O(P) 06/07/P&ARD എന്നിവ പ്രകാരം മിശ്രവിവാഹിതർ സേവനമനുഷ്ഠിക്കുന്ന സ്ഥലത്ത് ഒഴിവുണ്ടെങ്കിൽ അവരെ അവിടെത്തന്നെ പ്രമോട്ട് ചെയ്ത് നിലനിർത്താം. 29.08.2009 ലെ G.O.(P) No. 169/09/LSGD പ്രകാരം മിശ്രവിവാഹിതരുടെ ആനുകൂല്യം പുനഃസ്ഥാപിച്ചിട്ടുണ്ട്. തനിയ്ക്ക് 10, 8 വയസ്സ് പ്രായമുള്ള രണ്ട് കുട്ടികളാണ് ഉള്ളത്. ആയതിനാൽ തന്നെ കൊല്ലം നഗരസഭയിൽ തുടരുവാൻ അനുവദിക്കണം

12) ഈ വിഷയത്തിൽ സൂപ്രണ്ട് ശ്രീ. കെ. മനോഹരൻ താഴെപ്പറയുന്നവ ബോധിപ്പിച്ചു.

''തനിയ്ക്ക് ഇനി 19 മാസമേ സർവ്വീസുള്ളൂ. 03.03.2016 ൽ തന്നെ വർക്കല നഗരസഭയിലേക്ക് സ്ഥലം മാറ്റിയിരുന്നു. 5 വർഷം പൂർത്തീകരിക്കാതെ എസ്.സി. വിഭാഗത്തിൽപ്പെട്ട തന്നെ ട്രാൻസ്ഫർ ചെയ്തതിനെതിരായ അപ്പീൽ പരിഗണിച്ചാണ് തന്നെ കൊല്ലം നഗരസഭയിൽ തിരിച്ചെടുത്തത്. അതിനാൽ തന്നെ ഇനി കൊല്ലം നഗരസഭയിൽ നിന്നും ട്രാൻസ്ഫർ ചെയ്യരുത്.

13) ഈ കേസിൽ സൂപ്രണ്ട് ശ്രീ. മധുസൂതനൻ താഴെപ്പറയുന്നവ ബോധിപ്പിച്ചു.

''തനിക്ക് 23.05.2011 ൽ പക്ഷാഘാതം വന്നിട്ടുള്ളതാണ്. പരസഹായം കൂടാതെ യാത്ര ചെയ്യുവാൻ കഴിയാത്തതു കാരണം ഓട്ടോറിക്ഷയിൽ ഓരോ ദിവസവും ആഫീസിൽ വന്നു പോകുന്നു. സ്വന്തമായി

വീടില്ലാത്തതിനാൽ വാടകവീട്ടിൽ താമസിക്കുകയാണ്. അതിനാൽ തന്നെ കൊല്ലം കോർപ്പറേഷനിൽ നിന്നും ട്രാൻസ്ഫർ ചെയ്യരുത്.''

14) മേൽപ്പറഞ്ഞ അപ്പീലുകളും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വാദങ്ങളും 04.04.2007 ലെ G.O.(MS) No. 105/2007/LSGD പ്രകാരം പുറപ്പെടുവിച്ച ട്രാൻസ്ഫർ നോമും, നഗരകാര്യ ഡയറക്ടറുടെ പരാമർശം 8-10 വരെയുള്ള റിപ്പോർട്ടുകളും സഹിതം സർക്കാർ വിശദമായി പരിശോധിച്ചു. ഈ കേസിൽ ഹർജിക്കാരനായ ശ്രീ.കെ. രാജു 30.04.2017 ൽ റിട്ടയർ ചെയ്യും. കൊല്ലം കോർപ്പറേഷനിൽ ആ തീയതിയ്ക്ക് മുൻപ് സൂപ്രണ്ട് തസ്തികയിൽ ഒഴിവ് വരുന്നില്ല. ടിയാൻ കൊല്ലം കോർപ്പറേഷനിൽ സൂപ്രണ്ടായി പോസ്റ്റിംഗ് ലഭിച്ച് ജോയിൻ ചെയ്തത് 10.12.2012 ലാണ്. 05.05.1990-ലെ G.O.(P) No. 11/1990/P&ARD പ്രകാരം 'Employees who are physically handicapped, relatives of Jawans, inter caste marriage and Scheduled Case/Scheduled Tribes shall not ordinarily be transferred until they complete 5 years of duty/service in a Station/ district എന്ന് നിഷ്കർഷിക്കുന്നുണ്ട്. ആയത് പരിഗണിച്ചാൽ 30.04.2017 ൽ റിട്ടയർ ചെയ്യുവാൻ പോകുന്ന എസ്.സി. വിഭാഗത്തിൽപ്പെട്ട ശ്രീ. രാജുവിന്റെ കൊല്ലം നഗരസഭയിൽ 5 വർഷം പൂർത്തീകരിക്കുന്നതിന് മുൻപ് കളമശ്ശേരി നഗരസഭയിലേക്ക് ട്രാൻസ്ഫർ ചെയ്തത് ചട്ടപ്രകാരമായിരുന്നില്ല.

15) 04.11.2005 ലെ സ.ഉ. (പി) 1/2005/ P&ARD നമ്പർ ഉത്തരവിലും, 04,.12.2007 ലെ G.O.(P) No. 06/07/P&ARD നമ്പർ ഉത്തരവിലും മിശ്ര വിവാഹിതർക്ക് ഉദ്യോഗക്കയറ്റം നൽകിയാലും

അതേ സ്ഥാനത്ത് ഒഴിവുണ്ടെങ്കിൽ അവിടെത്തന്നെ നിയമിക്കണമെന്ന് നിഷ്ക്കർഷിക്കുന്നുണ്ട്. 04.07.2007 ലെ G.O.(MS) No. 105/2007/LSGD പ്രകാരം പുറപ്പെടുവിച്ച ട്രാൻസ്ഫർ നോമിന്റെ ഖണ്ഡിക 20 പ്രകാരം പ്രമോഷൻ വഴി നികത്തേണ്ട ഒഴിവുകളിൽ ആദ്യം ഉദ്യോഗസ്ഥരെ ട്രാൻസ്ഫർ ചെയ്ത് നിയമിക്കണമെന്നാണ് നിഷ്ക്കർഷിച്ചിട്ടുള്ളത്. 22.07.2016 ലെ ഉത്തരവിൽ ട്രാൻസ്ഫറും പ്രമോഷനും ഒരുമിച്ച് നടത്തുകയാണ് നഗരകാര്യ ഡയറക്ടർ ചെയ്തിരിക്കുന്നത്. ഇപ്രകാരം ചെയ്തില്ലായിരുന്നു വെങ്കിൽ കൊല്ലം കോർപ്പറേഷനിലെ സൂപ്രണ്ട് തസ്തികകളിൽ ആദ്യം ട്രാൻസ്ഫർ നിയമനമേ നടക്കുമായിരുന്നുള്ളൂ. അതിന് ശേഷം റിസൾട്ടന്റ് ഒഴിവിലാണ് പ്രൊമോഷൻ വരുന്നത്. അതിനാൽ മിശ്രവിവാഹിതരുടെ ആനുകൂല്യ പ്രകാരം തങ്ങൾക്ക് കൊല്ലം കോർപ്പറേഷനിൽ ഒഴിവുണ്ടായിരുന്നതു കൊണ്ട് പ്രൊമോഷൻ നിയമനം കൊല്ലം കോർപ്പറേഷനിൽ ത്തന്നെ ലഭിച്ചു എന്ന ശ്രീ. എം. മുരുകന്റെയോ, ശ്രീമതി. ജെ.ആർ. ഇന്ദുവിന്റെയോ വാദം ശരിയല്ല. 04.04.2007 ലെ G.O.(MS) No. 105/2007/LSGD പ്രകാരം പുറപ്പെടുവിച്ച ട്രാൻസ്ഫർ നോമിന്റെ ഖണ്ഡിക 27 പ്രകാരം കരട് ട്രാൻസ്ഫർ ലിസ്റ്റ് നഗരകാര്യ ഡയറക്ടർ പ്രസിദ്ധീകരിച്ചിരുന്നുവെങ്കിൽ 2017 ജൂലൈ 31 ന് റിട്ടയർ ചെയ്യുന്ന ശ്രീ. ജി. ചന്ദ്രസേനനും, 31.05.2017 ൽ റിട്ടയർ ചെയ്യുന്ന ശ്രീ. ഋഷികേശൻ നായർക്കും 30.04.2017 ൽ റിട്ടയർ ചെയ്യുന്ന ശ്രീ. കെ. രാജുവിനും ട്രാൻസ്ഫർ ഉത്തരവിനെതിരേ ഒബ്ജക്ഷൻ ഫയൽ ചെയ്യുവാൻ കഴിയുമായിരുന്നു. ഈ ട്രാൻസ്ഫർ ലിസ്റ്റ് നഗരകാര്യ ഡയറക്ടർ ഒബ്ജക്ഷൻ ക്ഷണിക്കുന്നതിനായി പ്രസിദ്ധപ്പെടുത്തിയിട്ടില്ല. ട്രാൻസ്ഫർ നോംസിന്റെ ഖണ്ഡിക 14 പ്രകാരം റിട്ടയർ ചെയ്യുവാൻ രണ്ട് വർഷം മാത്രമുള്ളവർക്ക്

കഴിയുന്നതും അവരാവശ്യപ്പെടുന്ന സ്റ്റേഷനിൽ പോസ്റ്റിംഗ് നൽകണമെന്ന് വ്യവസ്ഥയുള്ളതാണ്. ഒരു പ്രത്യേക സ്റ്റേഷനിൽ 5 വർഷം തുടർന്ന പ്രിഫറൻഷ്യൽ ക്ലെയിമുള്ള ഉദ്യോഗസ്ഥരെ സംബന്ധിച്ചാണ് ബഹു. ഹൈക്കോടതിയുടെ 06.12.2010 ലെ WP(C) No. 31697/2010 ലെ വിധിന്യായത്തിൽ പ്രതിപാദിക്കുന്നത്. ശ്രീ. എം. മുരുകന് കൊല്ലം ജില്ലയിൽ റവന്യു ഇൻസ്പെക്ടറായി നിയമനം ലഭിക്കുന്നത് 08.02.2014 ലാണ്. അതിന് മുൻപ് ടിയാൻ 29.10.2013 മുതൽ 07.02.2014 വരെ ചേർത്തല മുനിസിപ്പാലിറ്റിയിലായിരുന്നു. ശ്രീമതി. ഇന്ദു 05.08.2014 മുതൽ 02.05.2015 വരെ ആലപ്പുഴ ജില്ലയിൽ റവന്യു ഇൻസ്പെക്ടറായിരുന്നു. 03.05.2015 ലാണ് ടിയാൾക്ക് കൊല്ലം ജില്ലയിൽ റവന്യു ഇൻസ്പെക്ടറായി സ്ഥലം മാറ്റം ലഭിച്ചത്. ട്രാൻസ്ഫർ നോംസിന്റെ ഖണ്ഡിക 4 പ്രകാരം 20 കിലോമീറ്റർ ചുറ്റളവിലുള്ള സ്റ്റേഷൻ മാത്രമേ same station ആയി കണക്കാക്കുന്നുള്ളൂ. ആയതിനാൽ 06.12.2010 ലെ ബഹു. ഹൈക്കോടതി വിധിന്യായം ശ്രീ. മുരുകനും, ശ്രീമതി. ഇന്ദുവിനും ബാധകമാകുന്നില്ല.

16) ഈ കേസിൽ ട്രാൻസ്ഫർ നോമിന്റെ ഐറ്റം 20 പ്രകാരം ആദ്യം ട്രാൻസ്ഫർ, പിന്നീട് പ്രമോഷൻ എന്ന രീതിയിൽ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നുവെങ്കിൽ റിട്ടയർ ചെയ്യുവാൻ പോകുന്നവർക്ക് പ്രമോട്ടികളുടെ പോസ്റ്റിൽ കൊല്ലം നഗരസഭയിൽ നിയമനം ലഭിക്കുമായിരുന്നു. കൊല്ലം കോർപ്പറേഷനിലെ നിലവിലുള്ള 12 സൂപ്രണ്ട്മാരിൽ ഒൻപത് പേരും 2 വർഷത്തിനകം റിട്ടയർ ചെയ്യുന്നവരാണ്.

17) KS & SSR ഭാഗം II ചട്ടം 32 (b) പ്രകാരം എല്ലാ ട്രാൻസ്ഫറും പോസ്റ്റിംഗും നടത്തേണ്ടത് നിയമനാധികാരിയാണ്. കേരളാ മുനിസിപ്പൽ കോമൺ സർവ്വീസിലെ സൂപ്രണ്ടുമാരുടെ നിയമനാധികാരി നഗരകാര്യ ഡയറക്ടറാണ്.

18) മേൽപ്പറഞ്ഞ സാഹചര്യത്തിൽ പരാമർശം ഒന്നിലെ ഉത്തരവിൽ കൊല്ലം നഗരസഭയിൽ സൂപ്രണ്ടുമാരുടെ തസ്തികയിൽ നടത്തിയ പ്രമോഷൻ നിയമനങ്ങൾ പുനഃപരിശോധിക്കുവാനും, 04.07.2007 ലെ GO(MS) No.105/2007/LSGD പ്രകാരമുള്ള ട്രാൻസ്ഫർ നോമിലെ നോം 20 പ്രകാരം ഈ പ്രമോഷൻ പോസ്റ്റിലേക്ക് ട്രാൻസ്ഫർ നടത്തിയിരുന്നുവെങ്കിൽ ആർക്കാണോ അവിടെ ചട്ടപ്രകാരം നിയമനം ലഭിക്കുവാൻ അർഹതയുള്ളത് അവരെ ടി കോർപ്പറേഷനിൽ സൂപ്രണ്ട് തസ്തികയിൽ നിയമിക്കുവാനും, സൂപ്രണ്ട് ശ്രീ. കെ. രാജുവിന് എസ്.സി/ എസ്.ടി ഉദ്യോഗസ്ഥന് ലഭിക്കേണ്ട പരിഗണന നൽകാതെ 5 വർഷം തികയുന്നതിനു മുൻപാണ് കളമശ്ശേരി മുനിസിപ്പാലിറ്റിയിലേക്ക് ട്രാൻസ്ഫർ ചെയ്തത് എന്ന വസ്തുത കണക്കിലെടുത്ത് ടിയാന് ഉടൻ തന്നെ കൊല്ലം നഗരസഭയിലേക്ക് തിരിച്ച് ട്രാൻസ്ഫർ നൽകുവാനും നഗരകാര്യ ഡയറക്ടർക്ക് ഇതിനാൽ നിർദ്ദേശം നൽകുന്നു.

19) മേൽപ്പറഞ്ഞ പ്രകാരം ട്രാൻസ്ഫർ നിയമനം നടത്തുമ്പോൾ കൊല്ലം കോർപ്പറേഷനിൽ നിന്നും ട്രാൻസ്ഫർ ചെയ്യപ്പെടുന്ന ഉദ്യോഗസ്ഥർക്ക് പരമാവധി സൗകര്യപ്രദമായ സ്ഥലങ്ങളിൽ പോസ്റ്റിംഗ് നൽകുവാനും, കൊല്ലം നഗരസഭയിൽ ഇനിയുണ്ടാകുന്ന സൂപ്രണ്ട് ഒഴിവുകളിൽ അപ്രകാരം ട്രാൻസ്ഫർ

ചെയ്യപ്പെട്ടവരെത്തന്നെ റീപോസ്റ്റ് ചെയ്യുവാനും നഗരകാര്യ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

20) കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 5-ലെ വിധിന്യായങ്ങൾ മേൽപ്പറഞ്ഞ പ്രകാരം ഇതിനാൽ നടപ്പിലാക്കിയിരിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**അബുൽ കലാം,**
**അണ്ടർ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം.(ആമുഖ കത്തു സഹിതം.)
ശ്രീ. കെ. രാജു, സൂപ്രണ്ട്, കളമശ്ശേരി നഗരസഭ
ശ്രീ. ജി. ചന്ദ്രസേനൻ, സൂപ്രണ്ട്, ആലപ്പുഴ മുനിസിപ്പാലിറ്റി.
ശ്രീ. ഋഷികേശൻ നായർ, സൂപ്രണ്ട്, ചെങ്ങന്നൂർ മുനിസിപ്പാലിറ്റി.
ശ്രീ. എം. മുരുകൻ, സൂപ്രണ്ട്, കൊല്ലം നഗരസഭ.
ശ്രീമതി. ഇന്ദു, സൂപ്രണ്ട്, കൊല്ലം നഗരസഭ.
ശ്രീ. കെ. മനോഹരൻ, സൂപ്രണ്ട്, കൊല്ലം നഗരസഭ.
ശ്രീ. എൻ. സുധാകരൻ, സൂപ്രണ്ട്, കൊല്ലം നഗരസഭ.
ശ്രീ. മധുസൂതനൻ, സൂപ്രണ്ട്, കൊല്ലം നഗരസഭ.
എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**